**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4594** **19-03-2025 - ൽ മറുപടിയ്ക്ക്**

**ലോൺ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവശത അനുഭവിക്കുന്ന വായ്പക്കാരുടെ ലോൺ കുടിശ്ശിക എഴുതി തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എത്ര രൂപയുടെ സഹായങ്ങൾ എത്ര ഗുണഭോക്താക്കൾക്ക് നൽകി; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവശത അനുഭവിക്കുന്ന വായ്പക്കാർക്കായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന LDRF (Loanees Distress Relief Fund) പദ്ധതി പ്രകാരം നാളിതുവരെ 893 ഗുണഭോക്താക്കൾക്കായി 9.75 കോടി രൂപ ഇളവ് നൽകിയിട്ടുണ്ട്. 2021-2022 വർഷം 233 ഗുണഭോക്താക്കൾക്കായി 1.95 കോടി രൂപയും, 2022-2023 വർഷം 128 ഗുണഭോക്താക്കൾക്കായി 1.33 കോടി രൂപയും, 2023-2024 വർഷം 256 ഗുണഭോക്താക്കൾക്കായി 2.98 കോടി രൂപയും, 2024-2025 വർഷം 276 ഗുണഭോക്താക്കൾക്കായി 3.49 കോടി രൂപയുമാണ് ഇളവ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കുടിശ്ശികയിൽ ഇളവ് അനുവദിക്കാൻ അർഹതയുള്ളവരെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; അദാലത്തുകൾ സംഘടിപ്പിച്ചാണോ ഇളവ് അനുവദിച്ച് നൽകുന്നത്? | (ബി) | LDRF പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അർഹതയുള്ളവരെ കണ്ടെത്തുന്നത് കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ച LDRF സ്കീം മാനദണ്ഡങ്ങൾ പ്രകാരമാണ്. വായ്പ എടുത്ത ഗുണഭോക്താക്കളുടെ / കുടുംബാംഗങ്ങളുടെ മരണം, ഗുരുതര രോഗം, അത്യാഹിതം തുടങ്ങിയവ മൂലം വായ്പാ തിരിച്ചടവ് നടത്തുന്നതിന് ശേഷിയില്ലാത്ത ഉപഭോക്താക്കൾക്കായാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ബോർഡ് രൂപീകരിച്ച സബ് കമ്മിറ്റിയുടെ അദാലത്തുകളിലാണ് LDRF അപേക്ഷകൾ പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ